**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2867** **29-10-2026-ൽ മറുപടിയ്ക്ക്**

**<u>തകരാത്തതും നിലവാരമുള്ളതുമായ റോഡ് നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ബി.എം.&ബി.സി.റോഡുകളിൽ വിള്ളലുകൾ വീഴുമ്പോൾ യഥാസമയം 3 സെ.മീ. ബിറ്റുമിനസ് കോൺക്രീറ്റ് മാത്രം ചെയ്താൽ റോഡുകൾക്ക് ഇരട്ടി ആയുസ്സ് ലഭിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** പൊതുമരാമത്ത് നിരത്തുവിഭാഗത്തിൽ പ്രവൃത്തികൾ ക്രമീകരിക്കുന്നത് MoRTH സ്പെസിഫിക്കേഷൻ, Delhi Schedule of Rates (DSoR) എന്നിവ പ്രകാരമാണ്. റോഡുകളിൽ വിള്ളലുകൾ രൂപപ്പെടുമ്പോഴോ മറ്റ് അറ്റകുറ്റപ്പണികൾ ആവശ്യമായി വരുമ്പോഴോ നിലവിലുള്ള ഉപരിതലത്തിൽത്തന്നെ പ്രവൃത്തികൾ നിർവഹിക്കുന്നതിനാണ് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സാധിക്കുന്നത്.ബി.സി. (Bituminous Concrete) പ്രവൃത്തികൾ 3 സെ.മീ. കനത്തിൽ നിർവഹിക്കുന്നതിനാണ് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. റോഡ് ഡിഫക്ട് ലയബിലിറ്റി പിരീഡിൽ (DLP) ഉൾപ്പെട്ടിട്ടുള്ളതാണെങ്കിൽ, പ്രസ്തുത പ്രവൃത്തി കരാറുകാരനെക്കൊണ്ട് കരാറുകാരന്റെ ചെലവിൽത്തന്നെ നിർവഹിപ്പിക്കുന്നതാണ്.നിലവിലുള്ള റോഡിൽ റണ്ണിംഗ് കോൺടാക്ട് (RC) പ്രവൃത്തി ബാധകമാണെങ്കിൽ, അറ്റകുറ്റപ്പണികൾ പ്രസ്തുത RC-യിൽ ഉൾപ്പെടുത്തി നിർവഹിക്കാറുണ്ട്.

എന്നാൽ, നിലവിൽ മറ്റ് പദ്ധതികളൊന്നും ഉൾപ്പെടാത്ത റോഡുകളിൽ, റോഡിന്റെ ശോചനീയാവസ്ഥ വിലയിരുത്തി പുതിയ പ്രവൃത്തി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനേ സാധിക്കുകയുള്ളൂ. ഇത്തരം സാഹചര്യങ്ങളിൽ വിള്ളലുകൾ ഉള്ള ഭാഗങ്ങളിൽ മാത്രമായി ബി.സി. പ്രവൃത്തി നിർവഹിക്കുന്നതിനുപകരം, റോഡിന്റെ നിലവിലുള്ള അവസ്ഥയും ആവശ്യകതയും പരിഗണിച്ച് മുഴുവൻ ഉപരിതലത്തിലും 3 അല്ലെങ്കിൽ 4 സെ.മീ. കനത്തിൽ ബി.സി. ഓവർലേ (BC Overlay) നൽകിയാണ് പ്രവൃത്തി ക്രമീകരിക്കുന്നത്.

IRC:82-2015 പ്രകാരം റോഡിന്റെ നിലവിലുള്ള അവസ്ഥയും ഉപരിതലത്തിന്റെ പരുക്കൻ സ്വഭാവവും (Roughness) കണിലെടുത്ത് 3 സെ.മീ. കനത്തിൽ ബിറ്റുമിനസ് കോൺക്രീറ്റ് (BC) ഓവർലേ നൽകുന്നത് റോഡിന്റെ സേവനകാലാവധി വർധിപ്പിക്കുന്നതിന് സഹായകമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

**(ബി)** ബിറ്റുമിനസ് കോൺക്രീറ്റ് മാത്രം ചെയ്യുന്നത് കരാറുകാർക്ക് വലിയ നഷ്ടമുണ്ടാക്കുന്നതിനാലാണ് പലപ്പോഴും ഇത്തരം അറ്റകുറ്റപ്പണികൾ നടക്കാതെ റോഡുകൾ പൂർണ്ണമായി തകരുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഇല്ല

**(സി)** റോഡുകൾ തകരുന്നത് തടഞ്ഞ് ഖജനാവിന് വൻ ലാഭമുണ്ടാക്കാൻ ബിറ്റുമിനസ് കോൺക്രീറ്റ് ലേയിംഗിന് മാത്രമായി അനുയോജ്യമായ നിരക്ക് അനുവദിച്ച് പ്രത്യേക പാക്കേജ് കൊണ്ടുവരുമോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ബിറ്റുമിനസ് കോൺക്രീറ്റ് (BC) പ്രവൃത്തികൾ MoRTH സ്പെസിഫിക്കേഷൻ പ്രകാരമാണ് നിർവഹിച്ചുവരുന്നത്. പ്രസ്തുത പ്രവൃത്തികൾക്കുള്ള നിരക്ക് സ്റ്റാൻഡേർഡ് ഡാറ്റയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്. ഇതനുസരിച്ച് പ്രവൃത്തികൾ ടെൻഡർ ചെയ്യുകയും കരാറുകാർ അവരുടെ നിരക്കുകൾ ക്വോട്ട് ചെയ്യുകയും ചെയ്യുന്നതാണ് നിലവിലുള്ള രീതി. ഇതിനായി പ്രത്യേക പാക്കേജ് കൊണ്ടുവരുന്നത് നിലവിൽ പരിശോധിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**